File No.CLAD-A1/180/2019-CLAD

10979
4/11/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ് - കേരള ഫോക് ലോർ അക്കാദമിയിലെ ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(കൈ) നം.12/2020/സാം.കാ.വ തീയതി,തിരുവനന്തപുരം, 03/11/2020

പരാമർശം:- 1 01.03.2016 ലെ സ.ഉ (കൈ) നമ്പർ 10/2016/സാം കാ വ

2 20.01.16-ലെ സ.ഉ(പി)നം.7/2016/ധന

3 കേരള ഫോക് ലോർ അക്കാദമി സെക്രട്ടറിയുടെ 17/07/2019 ലെ

202/2019/2/കെ.എൽ.എഫ്.എ നമ്പർ കത്ത്

ഉത്തരവ്

കേരള ഫോക് ലോർ അക്കാദമി ജീവനക്കാർക്ക് പരാമർശം -1 പ്രകാരം ഒമ്പതാം ശമ്പള പരിഷ്കരണം അനുവദിച്ച ഉത്തരവായിട്ടുണ്ട്. കേരള ഫോക് ലോർ അക്കാദമി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ച നൽകണമെന്ന് കേരള ഫോക് ലോർ സെക്രട്ടറി പരാമർശം (2) പ്രകാരം, സർക്കാരിൽ അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, കേരള ഫോക് ലോർ അക്കാദമിയിലെ ജീവനക്കാരുടെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ പരാമർശം (2) ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | അംഗീകൃത തസ്തികകളുടെ എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | പ്രോഗ്രാം ഓഫീസർ | 1 | 19240-34500 | 36600-79200 |
| 2 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 | 9190-15780 | 18000-41500 |
| 3 | എൽ.ഡി.ക്ലർക്ക് | 1 | 9190-15780 | 18000-41500 |
| 4 | പ്യൂൺ | 1 | 8500-13210 | 16500-35700 |
| 5 | വാച്ച്മാൻ | 1 | 8500-13210 | 16500-35700 |
| 6 | ഫുൾ ടൈം സ്വീപ്പർ | 1 | 8500-13210 | 16500-35700 |

1. മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റ് അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ് 20.01.2016 ലെ സ.ഉ (പി) നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (13)-ലെ വ്യവസ്ഥകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

2. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 20.01.2016-ലെ സ.ഉ (പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് കേരള ഫോക് ലോർ അക്കാദമിയിലെ റഗുലർ സർവീസ് മാത്രമേ പരിഗണിക്കുകയുള്ളൂ.

3. വീട്ടു വാടക ബത്ത 20.01.2016 ലെ സ.ഉ (പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (14)-ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.

4. സിറ്റി കോമ്പൻസേറ്ററി അലവൻസ് 20.01.2016 ലെ സ.ഉ (പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക

(16)-ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

5. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20.01.2016-ലെ സ.ഉ (പി) നം.07/2016/ധന സർക്കാർ ഉത്തരവിന്റെ അനക്സർ III-ലെ ഖണ്ഡിക (19) ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കീം പ്രാബല്യത്തിൽ വരുന്ന തീയതി 01.02.2016 ആണ്.

6 . റേഷ്യോ പ്രൊമോഷൻ/അപ്ഗ്രഡേഷൻ/തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.

7 . ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.

8. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള ഫോക് ഫോർ അക്കാദമി ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ നിർത്തലാക്കേണ്ടതാണ്.

9. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

10. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

11. ഭിന്ന ശേഷിയുള്ള ജീവനക്കാർക്ക് 30.05.2017 വരെ പ്രതിമാസം 800/- രൂപയും 01.06.2017 മുതൽ പ്രതിമാസം 1000/- രൂപയും സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

12. ഫോക് ലോർ അക്കാദമിയിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ പിന്നോക്ക സമുദായങ്ങൾ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, ഭിന്നശേഷിയുള്ളവർ, മറ്റ് അർഹരായ വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

13. ശമ്പള പരിഷ്കരണ ഉത്തരവിനനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ഫോക് ലോർ അക്കാദമി ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല.

14. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള ഫോക് ലോർ അക്കാദമി സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**റാണി ജോർജ്ജ്**
**സെക്രട്ടറി**

പകർപ്പ്

1. സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ
2. ഡയറക്ടർ, സാംസ്കാരികവകുപ്പ്, അനന്തവിലാസം കൊട്ടാരം, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
6. ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തൃശ്ശൂർ
7. സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ് സബ്ട്രഷറി, തിരുവനന്തപുരം

8. ധനകാര്യ വകുപ്പ് ((E-1463399) EDN-C3/73/2020-FIN പ്രകാരം)

9. പൊതുഭരണ (എസ്.സി) വകുപ്പ് (23/09/2020 ലെ ഇനം നം.4213 പ്രകാരം)

10. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-09-2020

ഫയൽ നം. എ1/180/2019/സി.എൽ.എ.ഡി. ഇനം നം: 4213

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള ഫോക് ലോർ അക്കാദമി ജീവനക്കാർക്ക് 10-ാം ശമ്പള പരിഷ്കരണം അനുവദിച്ചു നൽകുന്നത്

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

4213

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## (മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | എ 1/180/2019/സി.എൽ.എ.ഡി |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള ഫോക് ലോർ അക്കാദമി ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്കരണം അനുവദിച്ച് നൽകുന്നത് - സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07/08/2020 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | അതെ |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ അജിത്ത് കെ ജോസഫ് |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 16.09.2020 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22.09.2020 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ എ. കെ. ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 22.09.2020 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 22.09.2020 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള ഫോക് ലോർ അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരളത്തിലെ നാടൻ കലകളുടെ സംരക്ഷണം, സമഗ്ര പഠനം, പ്രചരണം, അഭ്യസനം തുടങ്ങിയ ലക്ഷ്യങ്ങൾ വിഭാവനം ചെയ്ത് രൂപീകരിച്ച പ്രസ്തുത അക്കാദമി ട്രാവൻകൂർ കൊച്ചി ലിറ്ററി, സൈന്റിഫിക്, ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം രൂപീകരിച്ചതും സാംസ്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനമാണ്.

3. 01.03.2016 ലെ സ.ഉ (കൈ) നമ്പർ 10/2016/സാം കാ വ പ്രകാരം കേരള ഫോക് ലോർ അക്കാദമിയിലെ ജീവനക്കാർക്ക് ഒമ്പതാം ശമ്പള പരിഷ്കരണം അനുവദിച്ച നൽകിയിട്ടുണ്ട്. കേരള ഫോക് ലോർ അക്കാദമി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ കേരള ഫോക് ലോർ അക്കാദമി സെക്രട്ടറി സമർപ്പിച്ചിരുന്നു.

4. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനായി അയയ്ക്കുകയും ആ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

കേരള ഫോക് ലോർ അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റു ആനുകൂല്യങ്ങൾ എന്നിവ 20.01.2016-ലെ സ.ഉ (പി) നം.07/ 2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ I പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

| ക്രമ നം. | തസ്തിക | അംഗീകൃത തസ്തികകളുടെ എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | പ്രോഗ്രാം ഓഫീസർ | 1 | 19240-34500 | 36600-79200 |
| 2 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 | 9190-15780 | 18000-41500 |
| 3 | എൽ.ഡി.ക്ലർക്ക് | 1 | 9190-15780 | 18000-41500 |
| 4 | പ്യൂൺ | 1 | 8500-13210 | 16500-35700 |
| 5 | വാച്ച്മാൻ | 1 | 8500-13210 | 16500-35700 |
| 6 | ഫുൾ ടൈം സ്വീപ്പർ | 1 | 8500-13210 | 16500-35700 |

**1.** മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റ് അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ് 20.01.2016 ലെ സ.ഉ (പി) നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (13)-ലെ വ്യവസ്ഥകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

**2.** ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 20.01.2016-ലെ സ.ഉ (പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് കേരള ഫോക് ലോർ അക്കാദമിയിലെ റഗുലർ സർവ്വീസ് മാത്രമേ പരിഗണിക്കുകയുള്ളൂ.

**3.** വീട്ടു വാടക ബത്ത 20.01.2016 ലെ സ.ഉ (പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (14) ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.

**4.** സിറ്റി കോമ്പൻസേറ്ററി അലവൻസ് 20.01.2016 ലെ സ.ഉ (പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (16)-ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

**5.** സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20.01.2016-ലെ സ.ഉ (പി) നം.07/2016/ധന സർക്കാർ ഉത്തരവിന്റെ അനക്സർ III-ലെ ഖണ്ഡിക (19) ഒഴികെയുള്ള വ്യവസ്ഥകൾ

കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കീം പ്രാബല്യത്തിൽ വരുന്ന തീയതി 01.02.2016 ആണ്.

6. റേഷ്യോ പ്രൊമോഷൻ/അപ്ഗ്രഡേഷൻ/തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.

7. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.

8. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള ഫോക് ഫോർ അക്കാദമി ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

9. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

10. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

11. ഭിന്ന ശേഷിയുള്ള ജീവനക്കാർക്ക് 30.05.2017 വരെ പ്രതിമാസം 800/- രൂപയും 01.06.2017 മുതൽ പ്രതിമാസം 1000/- രൂപയും സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

12. ഫോക് ലോർ അക്കാദമിയിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ പിന്നോക്ക സമുദായങ്ങൾ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, ഭിന്നശേഷിയുള്ളവർ, മറ്റ് അർഹരായ വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

13. ശമ്പള പരിഷ്കരണ ഉത്തരവിനനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ഫോക് ലോർ അക്കാദമി ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല.

14. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള ഫോക് ലോർ അക്കാദമി സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

15. ശമ്പള പരിഷ്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം ബഹു.മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയക്കേണ്ടതുമാണ്.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്.

5. മേൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായി പ്രതിവർഷം 1,13,000/- (ഒരു ലക്ഷത്തി പതിമൂവായിരം രൂപ മാത്രം) രൂപയോളവും ശമ്പള കുടിശ്ശികയായി 10,73,624/- രൂപയും (പത്ത് ലക്ഷത്തി എഴുപത്തിമൂവായിരത്തി അറുനൂറ്റി ഇരുപത്തിനാല് രൂപ മാത്രം) ആവശ്യമായി വരുമെന്നും ടി തുക സ്ഥാപനത്തിന്റെ പദ്ധതിയേതര ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും ഫോക് ലോർ അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

6. ഈ വിഷയത്തിൽ ഫയൽ ഉത്തരവിനായി സംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.'

## തീരുമാനിക്കേണ്ട വിഷയം

കേരള ഫോക് ലോർ അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക്, പത്താം ശമ്പള പരിഷ്കരണം, കുറിപ്പിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണോ?